LIBRARY ARCHIVES Kerala Legislative Assembly

പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ് പുതുക്കി നൽകാൻ നടപടി

173 [1700] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ് പുതുക്കികിട്ടാത്തതുമൂലം അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8-1-2003-ലെ കേരള ഹൈക്കോടതിയുടെ വിധി അനുസരിച്ച് 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടിഷണേഴ്സ് ആക്ട് നിഷ്ക്കർഷിക്കുന്ന നിശ്ചിത യോഗ്യതയുള്ളവർക്ക് മാത്രമേ വൈദ്യവൃത്തിയിൽ ഏർപ്പെടാൻ യോഗ്യതയുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അക്കാരണത്താൽ നിശ്ചിത യോഗ്യതയില്ലാത്തവർക്ക് പ്രാക്ടീസ് ചെയ്യാനോ മരുന്നു നിർമ്മാണത്തിന് ലൈസൻസ് നൽകാനോ കഴിയാത്ത സാഹചര്യമുണ്ട്. പാരമ്പര്യ വൈദ്യൻമാർക്കുകൂടി അംഗീകാരം നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു ഏകീകൃത മെഡിക്കൽ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി നൽകണമെന്നതു സംബന്ധിച്ച് എഴുത്തുകുത്തുകൾ നടന്നുവരുന്നു.

(സി) എൽ-3 ലൈസൻസ് നൽകി വന്നിരുന്നത് എക്സൈസ് വകുപ്പ് ആണ്.

പീരുമേട് താലൂക്കിലുള്ള ആശുപത്രികളിൽ നിയമനം

174 [170] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ശബരിമല സീസൺ ആരംഭിക്കുന്നതിന് മുൻപായി പീരുമേട് താലൂക്കിലുള്ള എല്ലാ സർക്കാർ ഡിസ്പെൻസറികളിലും ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാരെയും ഇതര സ്റ്റാഫുകളെയും നിയമിക്കുന്നതിന് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ ആരാണ് കത്ത് നൽകിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഓരോ സ്ഥലത്തും ജോലി ചെയ്യുന്ന ആളുകളുടെ വിശദവിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യത്തെ സംബന്ധിച്ച് ശ്രീ. ഇ. എം. അഗസ്തി എം.എൽ.എ.-യുടെ കത്ത് ലഭിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

പുതിയ ഡ്രഗ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കൽ

175 [1702] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഡ്രഗ് ഇൻസ്പെക്ടർമാരാണ് സേവനമനുഷ്ഠിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ ഡ്രഗ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ളവരുടെ ജോലിഭാരം കണക്കിലെടുത്ത് പുതിയ തസ്തികകൾ അനുവദിച്ച് ഉത്തരവാകുമോ ?

ഉത്തരം

(എ) ആകെ തസ്തിക—47
ഇപ്പോൾ ജോലി ചെയ്യുന്നവർ—46.

(ബി) ഒന്ന് (എസ്. ടി. സംവരണം).

(സി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

ആദിവാസി സെറ്റിൽമെന്റുകളിലെ സിക്കിൾസെൽ അനീമിയ രോഗം

176 [1703] ശ്രീ. ജോർജ്ജ് ജെ. മാത്യു :
,, എ. സുജനപാൽ :
,, എം. എ. വാഹിദ് :
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ആദിവാസി സെറ്റിൽമെന്റുകളിൽ എവിടെയെല്ലാം സിക്കിൾസെൽ അനീമിയ എന്ന രോഗം കാണപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(ബി) എത്രപേർക്ക് പ്രസ്തുത രോഗം ബാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly